LIBRARY ARCHIVES Kerala Legislative Assembly

സെറ്റ് പരീക്ഷ ജയിച്ചവരുടെ നിയമനം

113 [3003] ശ്രീ. എൻ. ഡി. അപ്പച്ചൻ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇതുവരെ എത്ര സെറ്റ് പരീക്ഷകൾ നടന്നുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പരീക്ഷയിൽ വിജയിയായി പ്രഖ്യാപിക്കപ്പെട്ട എല്ലാ പേർക്കും നിയമനം നൽകിക്കഴിഞ്ഞുവോ;

(ബി) ഒരു സെറ്റ് പരീക്ഷയിൽ വിജയിക്കുന്ന ആളിന് അടുത്ത സെറ്റ് പരീക്ഷയ്ക്കു മുമ്പായി നിയമനം ലഭിക്കാത്ത പക്ഷം ജയിച്ച സെറ്റ് പരീക്ഷയുടെ അടിസ്ഥാനത്തിൽ പിന്നീട് ജോലി ലഭിക്കുമോ?

ഉത്തരം

(എ) ഇതുവരെ അഞ്ച് സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റുകൾ (സെറ്റ്) നടത്തിയിട്ടുണ്ട്. സ്പെഷ്യൽ റൂൾസ് പ്രകാരം ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപക തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകളിൽ ഒന്നു മാത്രമാണ് സെറ്റിലെ വിജയം. ഗവൺമെന്റ് മേഖലയിൽ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനും എയ്ഡഡ് മേഖലയിൽ സ്കൂൾ മാനേജ്മെന്റുകളും നടത്തുന്ന തെരഞ്ഞെടുപ്പിലൂടെയാണ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരെ നിയമിക്കുന്നത്.

(ബി) സെറ്റ് പരീക്ഷ ഒരിക്കൽ ജയിച്ചാൽ മതിയാകുന്നതാണ്.

ഗവേഷണത്തിന് ഏർപ്പെടുത്തിയിട്ടുള്ള തുകകൾ വിനിയോഗിക്കാൻ നടപടി

114 [3004] ശ്രീ. പി. ജെ. ജോയി :
,, എം. എ. വാഹീദ് :
,, എം. മുരളി :
,, എം. എം. ഹസ്സൻ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വകലാശാലകളിൽ എത്രപേർ സംസ്കൃത ഭാഷ, സാഹിത്യം, സംസ്കൃത ഭാഷയും മറ്റു ഭാഷകളും തമ്മിലുള്ള ബന്ധം മുതലായ വിഷയങ്ങളിൽ ഗവേഷണം നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്കൃതത്തിൽ ഗവേഷണം നടത്തുന്നതിനെ പ്രോത്സാഹിപ്പിക്കുവാൻ സംസ്ഥാന ഗവൺമെന്റിനും സംസ്ഥാനത്തെ സർവ്വകലാശാലകൾക്കും എന്തെല്ലാം പദ്ധതികളുണ്ടെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് സംസ്കൃത ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റും യു. ജി. സി.-യും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയാമോ;

(ഡി) സംസ്കൃതത്തിന് ഗവേഷണത്തിന് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള ഫെല്ലോഷിപ്പുകളും സ്കോളർഷിപ്പുകളും മറ്റുവിധ പ്രോത്സാഹനങ്ങൾക്ക് അനുവദിച്ചിട്ടുള്ള തുകയും പൂർണ്ണമായും വിനിയോഗിക്കപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള/എം. ജി./കോഴിക്കോട്/കണ്ണൂർ/കാലടി സംസ്കൃത സർവ്വകലാശാലകളിലായി ആകെ 192 പേർ ഗവേഷണം നടത്തുന്നുണ്ട്.

(ബി) ഇതിൽ സംസ്ഥാന ഗവൺമെന്റിന്റെതായ പ്രത്യേക പദ്ധതികൾ ഇല്ല. എന്നാൽ സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾ ഇതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി സംസ്കൃത സർവ്വകലാശാലയിൽ ഗവേഷണാർഹങ്ങളായ താളിയോല ഗ്രന്ഥങ്ങൾ കണ്ടെടുക്കുവാനുള്ള ഒരു പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പിൽ വരുത്തിയിട്ടുണ്ട്. സംസ്കൃത ഗവേഷണ രംഗത്ത് വലിയ മുന്നേറ്റം ഉണ്ടാക്കുവാൻ സഹായിക്കുന്ന ഒരു പദ്ധതിയാണിത്. കേരള/എം. ജി./കോഴിക്കോട്/കണ്ണൂർ സർവ്വകലാശാലകൾ സംസ്കൃതത്തിലുള്ള ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി ഗവേഷണ വിദ്യാർത്ഥികൾക്കായി ഫെല്ലോഷിപ്പുകളും സ്കോളർഷിപ്പുകളും നൽകിവരുന്നു.

(സി) സംസ്കൃത സർവ്വകലാശാലയിൽ സംസ്കൃതത്തിലെ ഗവേഷണാർഹങ്ങളായ മണ്ഡലങ്ങൾ തെരഞ്ഞെടുത്ത് അത്തരം മണ്ഡലങ്ങളിൽ ഗൗരവമുള്ള നാഷണൽ സെമിനാറുകൾ സംഘടിപ്പിക്കുകയും സെമിനാറിൽ അവതരിപ്പിക്കുന്ന പ്രബന്ധങ്ങളും നിഗമനങ്ങളും പൂർണ്ണ രൂപത്തിൽ സെമിനാർ പ്രൊസീഡിങ്ങ്സായി പ്രകാശനം നടത്തുകയും ചെയ്യുന്നത് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും യു. ജി. സി.-യുടെയും ധനസഹായത്തോടെയാണ്. കോഴിക്കോട് സർവ്വകലാശാലയിൽ സംസ്കൃത ഭാഷാ സാഹിത്യം, തത്വശാസ്ത്രം, ഭാഷാ ശാസ്ത്രം തുടങ്ങിയ മേഖലകൾ വിദഗ്ദ്ധ പണ്ഡിതന്മാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒട്ടേറെ സെമിനാറുകൾ, വർക്ക് ഷാപ്പുകൾ എന്നിവ സംഘടിപ്പിക്കാൻ സഹായം നൽകി. യു. ജി. സി. കേന്ദ്ര മാനവവിഭവ വികാസ മന്ത്രാലയം തുടങ്ങിയ ഏജൻസികൾ സംസ്കൃത പഠനത്തെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. കേന്ദ്ര സർക്കാർ കേരള സർവ്വകലാശാലയിലെ സംസ്കൃത പഠന ഗവേഷണ വകുപ്പിലേക്കായി സംസ്കൃത പ്രചാരണത്തിനും സെമിനാർ നടത്തുന്നതിനുമായി 1,00,000 (ഒരു ലക്ഷം) രൂപയും, യു. ജി. സി. സംസ്കൃത വകുപ്പിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

സംസ്കൃത സംഭാഷണ ക്ലാസ്സുകൾ നടത്തുന്നതിനും, ഭാഷയിൽ പ്രഭാഷണ മൽസരം, പദ്യപാരായണം തുടങ്ങിയവ സംഘടിപ്പിക്കുന്നതിനുമായി 30,000 (മുപ്പതിനായിരം) രൂപയും, ഭാസ നാടകങ്ങളുടെ ക്രിട്ടിക്കൽ എഡിഷൻ ആന്റ് സ്റ്റഡി തയ്യാറാക്കുന്നതിനു വേണ്ടി 2,30,000 (രണ്ടു ലക്ഷത്തി മുപ്പതിനായിരം) രൂപയുടെ പ്രോജക്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കേരള, കോഴിക്കോട്, കാലടി സംസ്കൃത സർവ്വകലാശാലകളിൽ ഗവേഷണത്തിനുള്ള ഫെല്ലോഷിപ്പുകൾക്കും സ്കോളർഷിപ്പുകൾക്കും അനുവദിച്ചിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിക്കപ്പെടുന്നുണ്ടെന്നും എന്നാൽ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ വർഷംതോറും അഞ്ച് പേർക്കാണ് സർവ്വകലാശാല ഫെല്ലോഷിപ്പ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും എന്നാൽ ഒരു വർഷവും മുഴുവൻ പേരും തികയാറില്ല എന്നും ബന്ധപ്പെട്ട സർവ്വകലാശാല രജിസ്ട്രാർമാർ സർക്കാരിനെ അറിയിക്കുന്നു.

ക്ലറിക്കൽ തസ്തികയിൽ സൂപ്പർ ന്യൂമററിയായിട്ടുള്ള ജീവനക്കാർക്ക് സമാന തസ്തികകളിൽ നിയമനം നൽകുവാൻ നടപടി

115 [3005] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ പുതുക്കിയ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇതിനോടനുബന്ധിച്ച് കെ. എസ്. ആറും യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടും ഭേദഗതി ചെയ്യാതെ ഈ ഉത്തരവ് നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുണ്ടോ;

(സി) പുതിയ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് അധികം വരുന്ന അനദ്ധ്യാപക ജീവനക്കാർക്ക് ജോലി സംവരണം ഉറപ്പു വരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പുതിയ സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുമ്പോൾ ക്ലറിക്കൽ തസ്തികയിൽ സൂപ്പർ ന്യൂമററിയായിട്ടുള്ള ജീവനക്കാർക്ക് സമാനതസ്തികകളിൽ നിയമനം നൽകുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ പുതുക്കിയ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly